**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5698** **08-07-2024 - ൽ മറുപടിയ്ക്ക്**

**ഞാറയ്ക്കൽ താലൂക്ക് ആശുപത്രിയിൽ കെട്ടിട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ഞാറയ്ക്കൽ താലൂക്ക് ആശുപത്രിയിൽ ജിഡയുടെ ധനസഹായത്തോടെ 5.92 കോടി രൂപയും 1 കോടി രൂപ പ്ലാൻ ഫണ്ടും വിനിയോഗിച്ച് കെട്ടിട നിർമ്മാണം പൂർത്തിയാക്കിയിട്ടും ഡോക്ടർമാർ ഉൾപ്പെടെ ആവശ്യത്തിന് ജീവനക്കാർ ഇല്ലാത്തതിനാൽ ആശുപത്രി നടത്തിപ്പിൽ നേരിടുന്ന ബുദ്ധിമുട്ട് പരിഹരിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കുമോ; | (എ) | ഈ സ്ഥാപനത്തിൽ നിലവിലുള്ള ജീവനക്കാർക്ക് പുറമേ ബ്ലോക്ക് പഞ്ചായത്ത് മുഖേന നിയമിച്ച ഒരു ഡോക്ടറിന്റെയും എൻ.എച്ച്.എം വഴി നിയമിച്ച ഒരു ഡോക്ടറിന്റെയും സേവനം ഉപയോഗിച്ച് സ്ഥാപനത്തിൽ 24 മണിക്കൂറും സേവനം നൽകിവരുന്നുണ്ട്. 06.03.2023 ലെ കത്ത് പ്രകാരം ഞാറയ്ക്കൽ താലൂക്ക് ആശുപത്രിയുടെ ശാക്തീകരണത്തിനുള്ള പ്രൊപ്പോസൽ എറണാകുളം ജില്ലാ മെഡിക്കൽ ഓഫീസർ ആരോഗ്യവകുപ്പ് ഡയറക്ടർക്ക് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ മാലിപ്പുറം സി.എച്ച്.സിയിൽ നിന്ന് സിവിൽ സർജൻ-1, അസിസ്റ്റന്റ് സർജൻ-1, ഹെഡ് നഴ്സ് -2,നഴ്സിംഗ് ഓഫീസർ -1 എന്നീ തസ്തികകളും അയ്യമ്പള്ളി എഫ് എച്ച് സി യിൽ നിന്നും നഴ്സിംഗ് സൂപ്രണ്ട്-1, ഹെഡ് നഴ്സ്-2, നഴ്സിംഗ് ഓഫീസർ-3, നഴ്സിംഗ് അസിസ്റ്റന്റ്-3 ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് II-2, എന്നിങ്ങനെ തസ്തികകളും താലൂക്ക് ആശുപത്രി പുത്തൻവേലിക്കരയിൽ നിന്നും ജൂനിയർ കൺസൾട്ടന്റ് ഗൈനക്കോളജിയുടെ 2തസ്തികകളും ഞാറയ്ക്കൽ താലൂക്ക് ആശുപത്രിയിലേയ്ക്ക് ഷിഫ്റ്റ് ചെയ്യുന്നതിനുള്ള നിർദ്ദേശം ആരോഗ്യവകുപ്പ് ഡയറക്ടർ സമർപ്പിക്കുകയുണ്ടായി. ബഹു.എം.എൽ.എയുടെ കത്തിൽ ആവശ്യപ്പെട്ട പ്രകാരം സർക്കാർ ടി പ്രൊപ്പോസൽ പരിശോധിക്കുകയും ഇതുമായി ബന്ധപ്പെട്ട ചിലകാര്യങ്ങളിന്മേലുള്ള സ്പഷ്ടീകരണം ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. ആരോഗ്യവകുപ്പ് ഡയറക്ടറിൽ നിന്ന് ആയത് ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് തുടർ നടപടി സ്വീകരിക്കുന്നതാണ്. |
| (ബി) | ഇതു സംബന്ധിച്ച് സമർപ്പിച്ച പരാതികളിന്മേൽ നടപടി സ്വീകരിക്കാത്തതിന് കാരണം വ്യക്തമാക്കാമോ; | (ബി) | ഉത്തരം (എ) പിരിവിൽ ചേർത്തിരിക്കുന്നു |

| | | | |
|---|---|---|---|
| (സി) | എറണാകുളം ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) ഞാറയ്ക്കൽ താലൂക്ക് ആശുപത്രിയുടെ സേവനം മെച്ചപ്പെടുത്തുന്നത് സംബന്ധിച്ച് ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നൽകിയ 06.03.2023 ലെ സി1-ഇ-163158/2023 നമ്പർ കത്തിന്മേലും 23.03.2023 ന് സ്ഥലം എം.എൽ.എ. ആരോഗ്യ വകുപ്പ് മന്ത്രിക്ക് നൽകിയ കത്തിന്മേലും സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ? | (സി) | ഉത്തരം (എ) പിരിവിൽ ചേർത്തിരിക്കുന്നു |

സെക്ഷൻ ഓഫീസർ